**പതിനാലാം കേരള നിയമസഭ**

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 3461 — 08.11.2019 ൽ മറുപടിക്ക്.

**വൈപ്പിനിലേക്കുള്ള റോഡ്, പാലം എന്നിവയിലെ ഗതാഗതതടസ്സം**

| ചോദ്യം<br>ശ്രീ. എസ്. ശർമ്മ | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | ജിഡ (ഗോശ്രീ ദ്വീപുവികസന അതോറിറ്റി) യുടെ അധീനതയിലുള്ള വൈപ്പിനിലേക്കുള്ള റോഡ്, പാലം എന്നിവയിലെ ടാറിങ് തകർന്ന് പതിവായി ഗതാഗതം തടസ്സപ്പെടുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ബി) | പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് ഇടപ്പള്ളി ബ്ലോക്ക് പഞ്ചായത്ത് എഞ്ചിനീയറിംഗ് വിഭാഗത്തിനെ ജിഡ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. നിലവിൽ താല്ക്കാലികമായി കുഴികൾ അടച്ചിട്ടുള്ളതും, മെയിന്റനൻസ് ടാറിങ് ഭാഗികമായി പൂർത്തീകരിച്ചിട്ടുള്ളതുമാണ്. |
| (സി) | റോഡ്, പാലം എന്നിവ എന്നത്തേക്ക് പൂർണ്ണമായും ഗതാഗതയോഗ്യമാക്കാനാകുമെന്ന് വ്യക്തമാക്കാമോ? | (സി) | കനത്തമഴയെത്തുടർന്ന് പ്രവർത്തി നടപ്പിലാക്കുവാൻ കഴിയാത്ത സാഹചര്യമായിരുന്നു. നിർമ്മാണ സാമഗ്രികളെല്ലാം തന്നെ സൈറ്റിൽ സൂക്ഷിച്ചിട്ടുള്ളതാണ്. മഴ മാറി നില്ക്കുന്ന സാഹചര്യത്തിൽ അടിയന്തിരമായി തന്നെ മെയിന്റനൻസ് പ്രവൃത്തി പൂർത്തിയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ